<u>പതിനാലാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4328 13.12.2018 -ൽ മറുപടിയ്ക്ക്

## ടൂറിസം മേഖലയിൽ ഉണ്ടായ നഷ്ടം

| ചോദ്യം<br>ശ്രീ.സി.ദിവാകരൻ: | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| ടൂറിസം മേഖലയിൽ പ്രളയം മൂലം ഉണ്ടായ നഷ്ടം നികത്തുന്നതിനും കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ടൂറിസം മേഖലയിൽ പ്രളയം മൂലം ഉണ്ടായ നഷ്ടം നികത്തുന്നതിനും കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി വകുപ്പ് നിരവധി പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. പ്രളയം മൂലം വിനോദസഞ്ചാര മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് ടൂറിസം വകുപ്പ് നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി വകുപ്പ് ശക്തമായ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ നടത്തികഴിഞ്ഞു. പോസ്റ്റ് ഫ്ലഡ് ക്യാംപയിന്റെ ഭാഗമായി (Post flood campaign) ഇറ്റ്സ് ടൈം ഫോർ കേരള (ItsTime for Kerala) എന്ന ലേബലിൽ പരസ്യ പ്രചരണം സംഘടിപ്പിച്ചു. ഇന്ത്യയിലെ 350 ഓളം സിനിമാ സ്ക്രീനുകളിൽ വകുപ്പ് പരസ്യം നൽകിക്കഴിഞ്ഞു . പി.വി.ആർ, ഐനോക്സ്, വിഎഫ്ഓ എന്നിവയാണ് ഈ സ്ക്രീനുകൾ. നാഷണൽ ടി.വി, റേഡിയോ, എയർപോർട്ട് എന്നിവയിലും പ്രചരണം സംഘടിപ്പിച്ചു. ഡൽഹി, മുംബൈ, ബംഗളൂരു ഹൈദരാബാദ്, അഹമ്മദാബാദ്, ചെന്നൈ എയർപോർട്ടുകൾ കേന്ദ്രീകരിച്ചാണ് പരസ്യ ക്യാമ്പയിൻ സംഘടിപ്പിച്ചത്.<br>ദേശീയ/ അന്തർദേശീയ ടൂറിസം ട്രേഡ് ഫെയറുകളിലും പ്രളയാനന്തരം വകുപ്പ് പങ്കെടുത്തു. മുംബൈ, അഹമ്മദാബാദ്, നാഗ്പൂർ, പൂനെ, ഡൽഹി, വിശാഖപട്ടണം, അമൃതസർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ നടന്ന വിവിധ ട്രേഡ് ഫെയറുകളിലും വകുപ്പ് തന്നെ സംഘടിപ്പിച്ച പാർട്ട്ണർഷിപ്പ് മീറ്റുകളിലും "Its Time for Kerala" എന്ന ലേബലിൽ വകുപ്പ് പങ്കെടുത്തു. കേരളം വീണ്ടും സഞ്ചാരികൾക്ക് പ്രിയപ്പെട്ടതാണെന്നും |

(..2)

| | | | |
|---|---|---|---|
| | | | കേരളം സന്ദർശിക്കാൻ അനുയോജ്യമാണെന്നും ഉള്ള ശക്തമായ ബോധവത്ക്കരണമാണ് വകുപ്പ് നടത്തിയത്. ജനുവരി മുതൽ SATE ഡൽഹി, IITI മുംബൈ, TTF ചെന്നൈ, ബംഗളൂരു, IITE ഭുവനേശ്വർ, നാഗ്പൂർ, ITM ഗോവ എന്നിവിടങ്ങളിൽ ട്രേഡ് ഫെയറുകളിലും ജലന്ധർ, ഡൽഹി, മുംബൈ, ജയ്പ്പൂർ, ചെന്നൈ, മധുരൈ, ബംഗളൂരു എന്നിവിടങ്ങളിൽ പാർട്ട്ണർഷിപ്പ് മീറ്റുകളിലും പങ്കെടുക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രമുഖ വിദേശ രാജ്യങ്ങളിലെ ട്രേഡ് ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും വകുപ്പ് പങ്കെടുക്കുന്നുണ്ട്. കൂടാതെ ദേശീയ പ്രിന്റ് ക്യംപയിനും യു.കെ പ്രിന്റ് ക്യാമ്പയിനും നടത്തിയിട്ടുണ്ട്.<br>പ്രളയാനന്തരം ഇന്ത്യക്കകത്തും പുറത്തും ഐ.ടി/ ഡിജിറ്റൽ, സോഷ്യൽ മീഡിയ, ഓൺലൈൻ ക്യംപയിൻ, വിഡിയോ ക്യാബ്സൂൾ ടു പ്രമോട്ട് കേരള എന്നിവയും നടത്തിക്കഴിഞ്ഞു. ഇതുമൂലം കേരള ടൂറിസം പഴയ ഉണർവ് കൈവരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**